പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7743 23-07-2012 -ൽ മറുപടിക്ക്.

<u>ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം തടയുന്നതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ; | കഞ്ചാവ്, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം തടയുന്നതിനുവേണ്ടി, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി, മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ